കേരള സർക്കാർ

# അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്
# 2014-15 & 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)1631/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം, സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 29.09.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ളോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3.1, 3.2 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ), എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1631/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം, സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 29.09.2016

# എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 24.02.2015 മുതൽ 25.08.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ സുദർശനൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.08.2016 മുതൽ 06.09.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ.എസ് പ്രകാശ്, ഓഡിറ്റ് ഓഫീസർ (26.08.2016 മുതൽ 01.09.2016 വരെ) |
| | ശ്രീമതി ഷേർളി പീറ്റർ, ഓഡിറ്റ് ഓഫീസർ (05.09.2016 മുതൽ 06.09.2016 വരെ) |
| | ശ്രീമതി.എം.ടെസ്സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എബി എബ്രഹാം, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മേരി ആന്റണി | 01.04.2014-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015-11.11.2015 |
| | ശ്രീ പി.ടി പോൾ | 12.11.2015-31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ പി.ടി പോൾ | 01.04.2014-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015-11.11.2015 |
| | ശ്രീമതി ഷേർളി ജോസഫ് | 12.11.2015-31.03.2016 |
| സ്റ്റാൻറിംഗ് കമ്മേറ്റി ചെയർ പേഴ്സൺസ് | | |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി ഏല്യാക്കുട്ടി ആന്റണി | 01.04.2014-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015-11.11.2015 |
| | ശ്രീ ടി.എം. വർഗീസ് | 12.11.2015-31.03.2016 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി സരിത സുനിൽ | 01.04.2014-31.12.2014 |
| | ശ്രീമതി ലൂസി വർഗീസ് | 01.01.2015-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015-11.11.2015 |
| | സിജ്ജു ഈരാളി | 12.11.2015-31.03.2016 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീ സജി ജോസ് | 01.04.2014-31.12.2014 |
| | ശ്രീ ചാക്കോ വർഗീസ് | 01.01.2015-31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015-11.11.2015 |
| | ശ്രീമതി എൽസി വർഗീസ് | 12.11.2015-31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ എം.ജി ശശി | 01.04.2014-31.07.2015 |
| | ശ്രീ ഏണസ്റ്റ് സി തോമസ് | 01.08.2015-09.02.2016 |
| | ശ്രീമതി ടി.എസ് ശുഭ | 10.02.2016-31.03.2016 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ എസ്.ഡി.രാജേഷ് | 01.04.2014-17.06.2015 |
| | ശ്രീമതി ഷൈനി സി.വി | 18.06.2015-31.03.2016 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ആഷ രവി | 01.04.2014-19.06.2015 |
| | ശ്രീ തോമസ് സാമുവൽ | 20.06.2015-11.08.2015 |
| | ശ്രീമതി ഷീല പോൾ | 12.08.2015-31.03.2016 |
| മെഡിക്കൽ ഓഫീസർ | ഡോ.നസീമ നജീബ് | 01.04.2014-04.10.2015 |
| | ഡോ.ഗ്ലെൻസൻ കെ ജോസഫ് | 05.10.2015-13.12.2015 |
| | ഡോ.നസീമ നജീബ് | 14.12.2015-31.03.2016 |

| | | |
|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി നസീമ ബീവി ആർ | 01.04.2014-17.07.2015 |
| | ശ്രീമതി സുജ ജേക്കബ്, ICDS സൂപ്പർ വൈസർ,(ചാർജ്) | 18.07.2015-31.07.2015 |
| | ശ്രീമതി ഇന്ദിര പി.എസ് | 01.08.2015-31.03.2016 |
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ (അഡീഷണൽ) | ശ്രീമതി ശ്യാമള പി.എം | 01.04.2014-31.03.2016 |
| എസ്.സി. ഡെവലപ്മെന്റ് ഓഫീസർ | ശ്രീ ഹരീഷ് കുമാർ പി. | 01.04.2014-06.01.2015 |
| | ശ്രീ അൻവർ എൻ.എച്ച്. | 07.01.2015-04.02.2015 |
| | ശ്രീ ഷാനവാസ് ഇ. | 05.02.2015-31.05.2016 |
| ഡയറി ഡവലപ്മെന്റ് ഓഫീസർ | ശ്രീമതി ലൈല വി.എസ് | 01.04.2014-31.03.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം. | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ഓഡിറ്റ് ഇംപാക്ട് | 1-10 |
| | ഭാഗം - 2<br>ഇല്ല | |
| | ഭാഗം - 3 | |
| 11 | വിനിയോഗവിവരമില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്ന | 3-1 |
| 12 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ | 3-2 |
| | ഭാഗം - 4 | |
| 13 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 14 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 15 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 16 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 17 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 18 | ഓഡിറ്റ് റിക്കവറി | 4-6 |
| 19 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 20 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 21 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 22 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2014-15 | അനുബന്ധം 1 |
| 23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം 2 |
| 24 | ബാലൻസ് ഷീറ്റ് – 2014-15 | അനുബന്ധം 3 |
| 25 | ഇൻകം & എക്സ്പൻഡിച്ചർ പത്രിക – 2014-15 | അനുബന്ധം 4 |
| 26 | വരവ് ചെലവ് പത്രിക – 2014-15 | അനുബന്ധം 5 |
| 27 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം 6 |
| 28 | ഇൻകം & എക്സ്പൻഡിച്ചർ പത്രിക – 2015-16 | അനുബന്ധം 7 |
| 29 | വരവ് ചെലവ് പത്രിക – 2015-16 | അനുബന്ധം 8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ ബജറ്റുകൾ യഥാക്രമം 14.02.2014, 18.03.2015 തീയതികളിൽ അംഗീകരിച്ചു. ബജറ്റു പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവു ചെലവുകൾ താഴെ കൊടുക്കുന്നു.

| വർഷം | | ബജറ്റ് പ്രകാരം₹ | യഥാർത്ഥത്തിലുള്ളത്₹ | കുറവ്₹ |
|---|---|---|---|---|
| 2014-15 | വരവ് | 40,39,41,666 | 8,77,35,308 | 31,62,06,358 |
| | ചെലവ് | 40,22,01,166 | 8,68,57,773 | 31,53,43,393 |
| 2015-16 | വരവ് | 42,97,18,100 | 9,47,47,034 | 33,49,71,066 |
| | ചെലവ് | 42,80,47,600 | 8,77,41,064 | 34,03,06,536 |

നാമമാത്രമായ തനതു വരുമാനം മാത്രമുള്ള ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിയ്ക്കുന്ന നിശ്ചിത ഗ്രാന്റുകൾ മാത്രമാണ് വരവുള്ളതെന്നിരിക്കെ യാഥാർത്ഥ്യവുമായി ഒരു പൊരുത്തവുമില്ലാത്ത രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിരിയ്ക്കുന്നത്. 2014-15ൽ ബജറ്റിൽ കണക്കാക്കിയതിന്റെ 21.72% മാത്രം വരവും 21.60% മാത്രം ചെലവുമാണ് യഥാർത്ഥത്തിലുണ്ടായത്. 2015-16ൽ ഇവ യഥാക്രമം 22.05%വും 20.50% മാത്രവുമാണ്. ബജറ്റ് ശ്രദ്ധയോടെയും യാഥാർത്ഥ്യത്തിന് നിരക്കുന്ന രീതിയിലും തയാറാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.07.2015 | 20.05.2015 |
| 2015-16 | 31.07.2016 | 27.07.2016 |

## 1-3 സാമ്പത്തിക വിശകലനം

| വർഷം | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് ₹ | 4,39,39,086 | 4,48,16,621 |
| വരവ് ₹ | 8,77,35,308 | 9,47,47,034 |
| ആകെ ₹ | 13,16,74,394 | 13,95,63,655 |
| ചെലവ് ₹ | 8,68,57,773 | 8,77,41,064 |
| നീക്കിയിരിപ്പ് ₹ | 4,48,16,621 | 5,18,22,591 |

വാർഷിക ധനകാര്യ പത്രിക പ്രകാരം 2014-15ലെ വരവ് 8,68,47,430/- രൂപയും ചെലവ് 8,59,69,895/- രൂപയുമാണ്. തൻവർഷത്തെ ബി ഫണ്ട് വരവ് 3,87,878/- രൂപയും വോട്ടിംഗ് മെഷീന് ഉൽഭവത്തിൽ നിന്ന് കുറച്ച 5,00,000/- രൂപയും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വരവിലും ചെലവിലും ഇവ ഉൾപ്പെടുത്തിയുള്ള തുകകളാണ് മുകളിൽ പട്ടികയിൽ കാണിച്ചിരിയ്ക്കുന്നത്.

## 1-4 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1714017 | 23946000 | 25660017 | 21590620 | 4069397 | 84.14 |
| വികസനഫണ്ട് എസ്.സി.പി. | 1951255 | 8029000 | 9980255 | 4877344 | 5102911 | 48.87 |
| വികസനഫണ്ട് ടി.എസ്.പി. | 111350 | 221000 | 332350 | 332350 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 197 | 4135521 | 4135718 | 3200724 | 934994 | 77.40 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2032107 | 2800000 | 4832107 | 2065919 | 2766188 | 42.75 |
| ബി ഫണ്ട് | - | 3,87,878 | 3,87,878 | 3,87,878 | - | |

2015-16.

2015-16 മുതൽ വികസന ഫണ്ട്, മെയിൻ്റനൻസ് ഗ്രാന്റ് എന്നിവ മുൻ വർഷങ്ങളിലെ പോലെ മുഴുവൻ തുകയും പഞ്ചായത്തുകൾക്ക് കൈമാറുന്നില്ല. ബില്ലുകൾ ട്രഷറിയിൽ സമർപ്പിയ്ക്കുന്ന മുറയ്ക്ക് തുക നൽകുകയാണ് ചെയ്യുന്നത്. അതിനാൽ ചെലവ് തുക തന്നെയായിരിയ്ക്കും വരവ്. നീക്കിയിരിപ്പുണ്ടാകുകയില്ല. വികസനഫണ്ട് പൊതുവിഭാഗത്തിൽ 2015-16 ൽ 79,82,000/- രൂപ വീതം 3 അലോട്ട്മെന്റുകൾ ലഭിച്ചു കൂടാതെ എസ്.സി.പി ഫണ്ടിലെ മുന്നിരിപ്പിൽ നിന്ന് 45,67,804/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റും ലഭിച്ചിട്ടുണ്ട്.

| ഫണ്ടിനം | മുൻ ബാക്കി ₹ | ട്രാൻസ്ഫർ ക്രെഡിറ്റ് ₹ | തൻവർഷ അലോട്ട്മെന്റ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് % |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 4069397 | 4567804 | 23946000 | 32583201 | 14949399 | 0 | 45.88 |
| വികസന ഫണ്ട് (എസ്.സി.പി.) | 5102911 | (-)4567804 | 12596804 | 13131911 | 10430559 | 0 | 79.43 |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 0 | 221000 | 221000 | 221000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 934994 | 0 | 3490000 | 4424994 | 3264747 | 0 | 73.78 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2766188 | 0 | 3000000 | 5766188 | 3946607 | 1819581 | 68.44 |
| ബി ഫണ്ട് | 0 | | 468024 | 468024 | 468024 | 0 | |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | പൂർണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | തൻ വർഷം നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 115 | 74703649 | 75 | 30535379 | 40 | 0 | 65 |
| 2015-16 | 104 | 99572293 | 75 | 41194924 | 29 | 0 | 72 |

# 1-6 തനത് വരുമാനം.

വാടക,ടെണ്ടർ ഫോം വിറ്റവരവ്, വൃക്ഷങ്ങളിൽ നിന്നുള്ള ആദായം, പലിശ എന്നീ ഇനങ്ങളിലുള്ള നാമമാത്രമായ വരവ് മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനമായിട്ടുള്ളു. 2014-15ൽ 15,77,903/- രൂപയും 2015-16ൽ 2,29,009/- രൂപയുമാണ് തനത് വരുമാനം. 2014-15ൽ പലിശയിനത്തിൽ 13,54,168/- രൂപ വരവുള്ളതു കൊണ്ടാണ് ആകെ വരവ് കൂടിയത്. 2015-16 വർഷത്തിൽ പലിശയിനത്തിൽ 45,313/- രൂപ മാത്രമേ കാണിച്ചിട്ടുള്ളു. പ്രത്യേക പദ്ധതികൾക്കുള്ള അക്കൗണ്ടുകളിലെ പലിശ വരവ് അതാത് പദ്ധതികളുടെ ശീർഷകത്തിൽ വരവായി എടുത്തതു കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് അറിയിച്ചത്.

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.08.2016ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം ക്യാഷ് വരവ് ഉണ്ടായിരുന്നില്ല. ഓണറേറിയം നൽകുവാൻ പിൻവലിച്ചതിൽ നൽകുവാൻ ബാക്കിയുള്ള 3,800/- രൂപ, സബ്സിഡിയറി ക്യാഷ് ബുക്കിൽ ചേർത്തിട്ടുള്ളത് നീക്കയിരിപ്പ് ഉണ്ടായിരുന്നത് ബോദ്ധ്യപ്പെട്ടു.

# 1-8 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ പ്രധാനപ്പെട്ട രജിസ്റ്ററുകളെല്ലാം നന്നായി എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. വൗച്ചറുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ മുതലായവ നല്ല രീതിയിൽ എഴുതി സൂക്ഷിയ്ക്കുന്നുണ്ട്. എന്നാൽ സെക്ഷനുകളിലെ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി എഴുതുന്നില്ല. തപാലുകൾ ലഭിയ്ക്കുന്നവയുടെ തുടർ നടപടികളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഫയലുകൾ ക്ലോസ് ചെയ്യതായി കാണിച്ചിട്ടില്ല. മാസാവസാനം സംക്ഷിപ്തം എഴുതുന്നില്ല. നിർവഹണോദ്യോഗസ്ഥർ ആരും തന്നെ TR 7A പ്രകാരമുള്ള ക്യാഷ് ബുക്ക് എഴുതുന്നില്ല.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2014-15 | 11.02.2016–22.02.2016 | 19.04.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2010-11–2012-13 | 11.03.2014–17.03.2014 | 28.05.2014 |

# 1-10 ഓഡിറ്റ് ഇംപാക്ട്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലുണ്ടായ നഷ്ടം 84,565/- രൂപ, ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് തിരിച്ചടച്ചതിന്റെ വിവരം താഴെ പറയുന്നു

| പ്രവൃത്തി | നഷ്ടത്തിന് കാരണം | നഷ്ടം | തിരിച്ചടവിന്റെ വിവരം |
|---|---|---|---|
| മൂലേപ്പാടം ചുള്ളി റോഡ് സൈഡ് കെട്ട് &മെറ്റലിംഗ് (മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്) പ്രോജക്ട് നമ്പർ -145/15 , പുതുക്കിയത് 046/16 | തുക കൂട്ടിയതിലെ അപാകത മൂലം അധികം തുക നൽകി | 30,000 രൂപ | ട്രഷറി ചലാൻ നം. 2990, 05.09.2016 |
| മലയാംകുന്ന് ഡ്രെയ്നേജ് റിനവേഷൻ പ്രോജക്ട് നം.- 127/15, പുതുക്കിയത് 074/16 | ജലസേചന പ്രോജക്ടിന് ഈടാക്കേണ്ട 10% ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല | 47,061 രൂപ | ട്രഷറി ചലാൻ നം. 2993, 05.09.2016 |
| ആവണംകോട് റോഡ് എൽ ഐ സബ്കനാൽ റോഡ് സൈഡ് കെട്ടലും കോൺക്രീറ്റിംഗും പ്രോജക്ട് നം.-61/15, പുതുക്കിയത് 67/16 | കാന പുതുക്കി പണിയുന്നതിന് എക്സ്കവേഷൻ നടത്തിയപ്പോൾ നിലവിലുണ്ടായിരുന്ന കാനയുടെ അളവ് കുറച്ചില്ല. | 3086 രൂപ | ട്രഷറി ചലാൻ നം. 2981, 05.09.2016 |
| അരിയ്ക്കൽ പള്ളിയങ്ങാടി റോഡ് റീടാറിംഗ് പ്രോജക്ട് നം.-32/15, പുതുക്കിയത് 60/16 | വാറ്റ് കോമ്പൌണ്ടിംഗ് സർട്ടിഫിക്കറ്റ് പ്രകാരം 4% നികുതി ഈടാക്കുന്നതിന് പകരം 3% നികുതി ഈടാക്കി. | 4418 രൂപ. | ചെലാൻ നം.908/06.09.16 |
| ആകെ | | 84,565 രൂപ. | |

# ഭാഗം – 2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗവിവരമില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷങ്ങളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ബിൽ നം. | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|---|
| 2014-15 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 4,50,000 | 32/14-15 19.02.2015 | വിനിയോഗ വിവരമില്ല | - |

## 3-2 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പൊതു അപാകതകൾ താഴെ പറയുന്നു:-

1. കേരള പഞ്ചായത്ത് രാജ് നിയമം 172ാം വകുപ്പ്, ഒന്നാം ഉപവകുപ്പ് , പട്ടിക 4ബി ix പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള മരാമത്ത് പ്രവൃത്തികളല്ല അധികവും നടപ്പാക്കിയിട്ടുള്ളത്. പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കേണ്ടത്, ഒന്നിലധികം ഗ്രാമപ്പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിയ്ക്കുന്ന വില്ലേജ് റോഡുകളുടെ പരിപാലനവും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിട നിർമാണവുമാണ്. ജലസേചന പദ്ധതികളിൽ നടപ്പാക്കാവുന്നത്, ഒന്നിലധികം പഞ്ചായത്തു പ്രദേശങ്ങൾ ഉൾപ്പെടുന്ന ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ നിർമാണവും പരിപാലനവുമാണ്. എന്നാൽ ഈ നിയമങ്ങൾക്ക വിരുദ്ധമായി ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന ചെറിയ റോഡുകളുടെ നിർമാണം, അവയുടെ പരിപാലനം, സൈഡ് പ്രൊട്ടക്ഷൻ, ഫുട്പാത്ത് കോൺക്രീറ്റിംഗ്, ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ മുതലായ പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്ത് പ്രധാനമായും ചെയ്തിട്ടുള്ളത്. ഗ്രാമവികസന കമ്മീഷണറുടെ 13.06.2014-ലെ 22999/ഡി.പി.4/13.സി.ഡി.ആർ. നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്ത പദ്ധതികളുടെ നിർവ്വഹണം കർശനമായി തടഞ്ഞിട്ടുണ്ട്.

2. ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഇത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ

നിക്ഷേപിയ്ക്കപ്പെടുകയാണ്. ഇത് പഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3. ടെണ്ടർ ബിലോ നിരക്കിൽ നടത്തിയ പ്രവൃത്തികളുടെ ബിൽ തയാറാക്കുമ്പോൾ ടെണ്ടർ വ്യതിയാനം കുറയ്ക്കാതെയുള്ള തുകയിന്മേലാണ് നികുതികൾ കണക്കാക്കിയിട്ടുള്ളത്. ഇത് അധിക നികുതി ഈടാക്കുന്നതിനും കരാറുകാർക്ക് നഷ്ടമുണ്ടാക്കുന്നതിനും ഇടയാക്കുന്നു.

4. 2014-15 വർഷത്തിൽ മിക്ക പ്രവൃത്തികളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് ചെയ്തിട്ടുള്ളത്. സമിതിയുടെ വരവുചെലവു കണക്കുകൾ പാസ്സാക്കി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. കൺവീനർമാർ വാങ്ങിയ ബിറ്റുമിന്റെ ബില്ലുകൾ പ്രവൃത്തികളുടെ ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

5. രണ്ട് വർഷങ്ങളിലായി തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികളിൽ ആദ്യ വർഷം തന്നെ പൂർത്തിയാക്കുന്നവയുടെ പൂർണമായ ബിൽ തയാറാക്കി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആദ്യ വർഷത്തെ അലോട്ട്മെന്റ് പ്രകാരമുള്ള തുക നൽകുന്ന വിവരം മാത്രമേ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നുള്ളൂ. ബാക്കി തുക അടുത്ത വർഷത്തെ അലോട്ട്മെന്റ് പ്രകാരം നൽകുന്നതായി ബിൽ പ്രകാരം വ്യക്തമാകുന്നുണ്ടെങ്കിലും ഇക്കാര്യം അളവുപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ചതും നൽകിയതുമായ തുകകളുടെ വിവരം

സംയുക്ത പ്രോജക്ടുകൾക്കായി ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു. ചെലവ് പത്രികയിലെ വിവര പ്രകാരം, ഐ.എ.വൈ. ഭവന പദ്ധതിയ്ക്ക് മറ്റ് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി പ്രകാരമുള്ള വരവു ചെലവുകളാണ് ചേർത്തിട്ടുള്ളത്. ഓരോ പഞ്ചായത്തിൽ നിന്നും ലഭിയ്ക്കുന്ന തുകകളുടെ വിനിയോഗ വിവരം കൃത്യമായി സൂക്ഷിയ്ക്കുന്നില്ല. അതിനാൽ മറ്റ് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകകളുടെ മുന്നിരിപ്പും നീക്കിയിരിപ്പും ലഭ്യമല്ല. ബാങ്ക് ബുക്ക് പ്രകാരം 31.03.2016ൽ ഐ.എ.വൈ. അക്കൗണ്ടിൽ 4,53,22,605/- രൂപ നീക്കിയിരിപ്പുണ്ട്.

| വർഷം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ട് | ചെലവ് ₹ |
|---|---|---|---|---|---|
| 2014-15 | എറണാകുളം ജില്ലാപഞ്ചായത്ത് | 2014-15 | 1,02,68,000 | ഐ.എ.വൈ. ഭവനനിർമാണം | 74,73,650 |
| ---"--- | ഗ്രാമപഞ്ചായത്തുകൾ | 2014-15 | 82,85,718 | ---"--- | 54,31,750 |
| 2015-16 | എറണാകുളം ജില്ലാപഞ്ചായത്ത് | 2015-16 | 53,79,500 | ഐ.എ.വൈ. ഭവനനിർമാണം | 77,86,350 |
| ---"--- | ഗ്രാമപഞ്ചായത്തുകൾ | 2015-16 | 66,47,000 | ---"--- | 56,34,125 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷങ്ങളിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| 2014-15 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | | 4,50,000 | വിനിയോഗ വിവരമില്ല | --- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഓഡിറ്റ് വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ

വായ്പയിനത്തിൽ പഞ്ചായത്തിന് തൻവർഷം വരവില്ല. 14.03.2013ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 90/13/ത.സ്വ.ഭ.വ. പ്രകാരം ഐ.എ.വൈ. ഭവന പദ്ധതിയുടെ വർദ്ധിപ്പിച്ച തുകയിൽ സർക്കാർ നൽകേണ്ട വിഹിതത്തിന് പകരം സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാൻ അനുമതി നൽകിയതു പ്രകാരം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് അനുവദിച്ച 69,75,000/- രൂപയിൽ 2013-14 ൽ 68,65,000/- രൂപ വായ്പയെടുത്തിട്ടുണ്ട്. ഉത്തരവിലെ ഖണ്ഡികകൾ 9, 13 എന്നിവ പ്രകാരം മുതലും പലിശയും സർക്കാർ തിരിച്ചടയ്ക്കുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും 24.05.2013ലെ 193/13 തസ്വഭവ, 09.10.2013ലെ 332/13 തസ്വഭവ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ അവയുടെ വികസന ഫണ്ടിൽ നിന്നും 10 വർഷം കൊണ്ട് വായ്പ തുക(മുതൽ) തിരിച്ചടയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും തിരിച്ചടച്ചിട്ടില്ല. വായ്പയിനത്തിൽ 68,65,000/- രൂപ തിരിച്ചടയ്ക്കാനുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടില്ല. മുൻ വർഷത്തെ റിപ്പോർട്ടിൽ വായ്പയിനത്തിൽ 69,75,000/- രൂപ വരവുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും അനുവദിച്ച 69,75,000/- രൂപയിൽ 68,65,000/- രൂപ മാത്രമേ വായ്പയെടുത്തിട്ടുള്ളൂ. വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു:-

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഐ.എ.വൈ. ഭവന പദ്ധതി | ജി.ഒ. (എം.എസ്) 90/2013/ ത.സ്വ.ഭ.വ. തീയതി 14.03.2013 | 68,65,000 | 68,65,000 | - | 68,65,000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:-

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.35.1 | ജനകീയ ഭവന പദ്ധതി | എട്ട് ഗ്രാമപഞ്ചായത്തു കളിലേയും വിവരങ്ങൾ സമർപ്പിച്ചു |
| 2000-01 | 3.9 | 2005-06 | 2.35.2 | മുൻകൂർ നൽകി പൂർത്തിയാക്കാത്ത പദ്ധതികൾ | മൂന്ന് പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്ന് കൺവീനർമാരിൽ നിന്നും തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവരുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 8,77,35,308 | 9,47,47,034 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 8,68,57,773 | 8,77,41,064 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 4,50,000 | ഇല്ല |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| വർഷം | ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2014-15 | 3-1 | 4,50,000 | ശ്രീ എസ്.ഡി.രാജേഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എസ്.ഡി.രാജേഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചി കോർപറേഷൻ | സ്വപ്നം, പൂണിത്തുറ പി.ഒ, എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.ഇ(ബി.പി)/149/13 തീയതി. 23-08-13 | 24 |
| 1999-2000 | എൽ.എഫ്.ഇ(സി4)2355/11 തീയതി. 03-03-12 | 7 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഇ(സി4)/2355/11<br>തീയതി. 03-03-12 | 7 |
| 2001-02 | എൽ.എഫ്.ഇ(ബി.പി)/149/13<br>തീയതി. 23/08/2013 | 3 |
| 2002-03 | എൽ.എഫ്.ഇ(ബി.പി)/2355/11<br>തീയതി. 03-03-2012 | 6 |
| 2003-04 | എൽ.എഫ്.ഇ(ബി.പി1)/2355/11<br>തീയതി. 03-03-2012 | 9 |
| 2007-08 | എൽ.എഫ്.ഇ(ബി.പി)/149/13<br>തീയതി. 23-08-2013 | 25 |
| 2008-09 | എൽ.എഫ്.ഇ(ബി.പി2)/2020/13<br>തീയതി. 10/03/2014 | 13 |
| 2009-10 | എൽ.എഫ്.ഇ(ബി.പി2)/149/13<br>തീയതി. 17/02/2014 | 5 |
| 2012-13 | എൽ.എഫ്.ഇ(ബി.പി2)/1914/14<br>തീയതി. 26-02-2015 | 5 |
| 2013-14 | എൽ.എഫ്.ഇ(ബി.പി2)524/2015,<br>തീയതി.08-04-2015 | 5 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2014-15

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)1631/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030

ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 29.09.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE – 2014-15

No.KSA-EKM(BP)1631/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 29.09.2016

Certified that I have audited the Annual Financial Statement of ANGAMALY Block Panchayat in Ernakulam District for the Financial Year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of ANGAMALY Block Panchayat for the Financial Year 2014-15 except the observations in my audit report properly presents the picture of income and expenditure.

Deputy Director

# അനുബന്ധം - 2

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)1631/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 29.09.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – II

# AUDIT CERTIFICATE – 2015-16

No.KSA-EKM(BP)1631/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 29.09.2016

Certified that I have audited the Annual Financial Statement of ANGAMALY Block Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of ANGAMALY Block Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director